## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1100

12/03/2015-ൽ
മറുപടിയ്ക്ക്

### ഫ്ലെയർ പദ്ധതി

**ചോദ്യം**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ :
ശ്രീ.ഹൈബി ഈഡൻ :
ശ്രീ.വി.പി.സജീന്ദ്രൻ :
ശ്രീ.പി.എ.മാധവൻ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഫ്ലെയർ (FLAIR) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ; ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ; | (ബി) | ഫ്ളെയർ എന്ന പദ്ധതിയ്ക്ക് പ്രധാനമായി രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്.<br>ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാല വകുപ്പുകളിലും പുതിയതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപക പരിശീലനവും അദ്ധ്യാപനത്തിനും ഗവേഷണത്തിലും മികച്ച ദേശീയ, അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ പരിശീലനവും പദ്ധതി പ്രകാരം നല്കുന്നു. ഈ പദ്ധതി ആരംഭ വർഷത്തിൽ (2013-14) സർക്കാർ കോളേജുകളിലും അഞ്ച് സർവ്വകലാശാലകളിലുമാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ 2014-15 വർഷത്തിൽ കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അദ്ധ്യാപന സർവ്വീസിൽ പ്രവേശിച്ചവർക്കും ഇനിയും 20 വർഷമെങ്കിലും സർവ്വീസുള്ളവരുമായ അദ്ധ്യാപകരെയാണ് ഫ്ളെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>ദേശീയ സ്ഥാപനങ്ങളായ ഐ ഐ ടി മുംബൈ, ചെന്നൈ, ഗുവാഹത്തി, ബഗ്ലൂരു, ഇന്ത്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഒഫ് സയൻസ് ബഗ്ലൂരു,ഐ ഐ ഐ ടി ബഗ്ലൂരു, ടാറ്റാ ഇൻസ്റ്റിസ്റ്റ്യൂട്ട് ഒഫ് സോഷ്യൽ സയൻസ്, മുംബൈ, സാഹ ഇൻസ്റ്റിസ്റ്റ്യൂട്ട് ഒഫ് ന്യൂക്ലിയർ ഫിസിക്സ് , കോൽകത്ത, ഐ ഐ എം ,ബഗ്ലൂരു, എൻ ഐ റ്റി , ഭോപ്പാൽ , എൻ സി ബി |

| | | | |
|---|---|---|---|
| | | | എസ് ബഗ്ലൂരു, തുടങ്ങിയ സ്ഥാപനങ്ങളുമായും യുണൈറ്റഡ് കിംഗ്ഡത്തിലെ പ്രമുഖ യൂണിവേഴ്സിറ്റികളുമായും സഹകരിച്ചാണ് ഫ്ലെയർ (FLAIR) പദ്ധതി നടത്തുന്നത് |
| (സി) | പദ്ധതിനടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ? | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ളെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി സ്പെഷ്യൽ ഓഫീസറുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ളെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറേയും (താൽക്കാലികം) നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകാനുമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഒരു മുൻ പ്രൊഫസർ നേതൃത്വം നൽകുന്ന ഒൻപതുപേരടങ്ങുന്ന ഒരു പരിശീലക ടീം പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ